## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2597** **17.06.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അനുകൂല്യങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം നൽകി വരുന്നു.<br>1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, വൾനറബ്ൾ വിഭാഗത്തിനുള്ള സ്റ്റൈപ്പന്റ്<br>2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ്<br>3. 1 മുതൽ 8 വരെയുള്ളവർക്ക് 2000/-രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.<br>4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.<br>5. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)<br>6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്.<br>7. ലാപ്ടോപ്പ് ധനസഹായം<br>8. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം<br>9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)<br>10. ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.<br>11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.<br>13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം.<br>14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനം. |

| | | | |
|---|---|---|---|
| | | | 15. ബുക്ക് ബാങ്ക് സ്കീം<br>16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>17. പ്രീമെട്രിക് ഹോസ്റ്റൽ<br>18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ<br>19. ഐ.റ്റി.ഐ.കൾ<br>20. പി.ഇ.റ്റി.സി.<br>21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം<br>22. നഴ്സറി സ്കൂൾ<br>23. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം.<br>24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.<br>25. മെഡിക്കൽ കോളേജ് പാലക്കാട്<br>26. പഠനമുറി<br>27. വിദേശ പഠനസഹായം<br>28. ബി.ടെക് -റെമഡിയൽ കോച്ചിംഗ്<br>29. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്<br>30. നൃത്തം, സംഗീതം തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം<br><br>പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.<br>2) 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500 രൂപയും 1000 രൂപയും നൽകുന്നു.<br>3) 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 4) അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന "അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻറ് ഡെവലപ്പ്മെന്റ് പദ്ധതി". <br>5) കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് "ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി", ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് "വസ്ത്ര വിതരണ പദ്ധതി", വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് "ബോർഡിംഗ് ഗ്രാന്റ്", സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തി വരുന്നു. <br>6) കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ 5000 രൂപവീതം ധനസഹായം നൽകുന്ന പദ്ധതി. <br>7) സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ പഠിച്ചു വരുന്ന കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ കവിയാത്ത പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു. <br>8) വിദേശ പഠനം <br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനായി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ വിദ്യാഭ്യാസ ധനസഹായം നൽകുന്നു |
| (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര വിദ്യാർത്ഥികളാണ് **2018-19** വർഷം പ്രസ്തുത സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി പ്രീമെട്രിക് തലത്തിൽ 38 വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് തലത്തിൽ 5 വിദ്യാർത്ഥികൾക്കും 2018-19 വർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. <br>2018-19 വർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്വീകരിച്ചിട്ടുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| 2018-19 | |
|---|---|
| പദ്ധതി | വിദ്യാർത്ഥികളുടെ എണ്ണം |
| 1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ് | 4029 |
| 2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ് | 1010 |
| 3. 1 മുതൽ 8 വരെയുള്ളവർക്ക് 2000/- രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്. | 2631 |
| 4. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) | 630 |
| 5. ലാപ്ടോപ്പ് ധനസഹായം | 18 |
| 6. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ) | 4 |
| 7. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 69 |
| 8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം. | 5 |
| 9. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനം. | 183 |
| 10. അൺ എയ്ഡഡ് സ്കൂൾ ട്യൂഷൻ ഫീ റീ-ഇംബേഴ്സ്മെന്റ് | 130 |
| 11. ഐ.റ്റി.ഐ സ്റ്റൈപ്പന്റ് | 130 |
| 12. എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ എസ്.എസ്.എൽ.സി/ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ പദ്ധതി | 5 |

സെക്ഷൻ ഓഫീസർ